**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം-2017

## സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ

## NRI ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകർ രേഖകൾ സമർപ്പിക്കണം

2017-18 അധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ ക്വാട്ട എൻ.ആർ.ഐ ക്വാട്ട എന്നിവയുൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലും നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസിലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. 2017 ആഗസ്റ്റ് 8 മുതൽ 19 വരെ നടക്കുന്ന മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കൗൺസിലിംഗിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളെ ഉൾപ്പെടുത്തുന്നതും അലോട്ട്മെന്റ് നടത്തുന്നതുമാണ്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റുകളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ യോഗ്യത തെളിയിക്കുന്നതിന് GO(Rt) No. 1366/2017/H&FWD തീയതി 15.05.2017 പ്രകാരം താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ/രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (GO(MS) No. 243/2014/H&FWD തീയതി 06.08.2014 പ്രകാരം)
2) തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്.
3) വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്
4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം
5) സ്പോൺസർ ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്നതിനുള്ള രേഖ.

എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM-2017 Candidate Portal'**-ൽ പ്രവേശിച്ച് **'Proforma for Admission to NRI Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് പ്രസ്തുത പ്രൊഫോർമ ഡൗൺലോഡ് ചെയ്തെടുത്ത് പൂരിപ്പിച്ച് വിദ്യാർത്ഥി ഒപ്പിട്ട ശേഷം മേൽപറഞ്ഞ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നേരിട്ടോ സ്പീഡ് പോസ്റ്റ്/രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരമോ **2017 ജൂലൈ 31-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5-ാം നില, ശാന്തിനഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റ് അലോട്ട്മെന്റിന് മുൻപ് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
22.07.2017